**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2239** **14-10-2024 - ൽ മറുപടിയ്ക്ക്**

**പെട്രോൾ പമ്പുകളിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഇന്ധനം വിതരണം ചെയ്യുന്നതിന്റെ അളവുകളിൽ കൃത്രിമം നടത്തുന്നതായി ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഇന്ധനം വിതരണം ചെയ്യുന്നതിന്റെ അളവുകളിൽ കൃത്രിമം നടത്തുന്നതായി ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയിട്ടില്ല. |
| (ബി) | ഏതൊക്കെ പമ്പുകളിലാണ് കൃത്രിമം നടത്തിയതായി കണ്ടെത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ചില പമ്പുകളിലെ മീറ്ററുകളിൽ കൃത്രിമം നടത്താൻ ഉദ്യോഗസ്ഥർ മാസപ്പടി വാങ്ങി കൂട്ട് നിൽക്കുന്നത് സംബന്ധിച്ചുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പെട്രോൾ പമ്പുകൾ നടത്തുന്ന ഇന്ധന തട്ടിപ്പുകൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (ഡി) | എല്ലാ ഫ്യുവൽ ഡിസ്പെൻസറുകളും വർഷത്തിലൊരിക്കൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി ഇലക്ട്രോ മെക്കാനിക്കൽ സീലിംഗ് വഴി ബന്തവസ്സി ലാക്കുന്നുണ്ട്. OTP അധിഷ്ഠിതമായ കാലിബ്രേഷൻ സംവിധാനം എല്ലാ ഇന്ധന ഔട്ട്-ലെറ്റിലും ഏർപ്പെടുത്തിയിട്ടുണ്ട്. 'ക്ഷമത' എന്ന പേരിൽ ഒരു പ്രത്യേക പരിശോധന ആവിഷ്കരിച്ച് നടത്തിവരുന്നു. കൂടാതെ പ്രത്യേക മിന്നൽ പരിശോധനകളും CIS മുഖേനയുള്ള പരിശോധനകളും നടത്തി വരുന്നു. സർക്കാരിന്റെ 100 ദിന പരിപാടിയിൽ പെട്രോൾ പമ്പിന്റെ ഡിസ്പെൻസിംഗ് യൂണിറ്റുമായുള്ള പ്രവർത്തനങ്ങളുടെ ബോധവൽകരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. അനുവദനീയമായ അളവിൽക്കൂടുതൽ വ്യത്യാസം കണ്ടെത്തുന്ന നോസിലുകളിൽക്കൂടിയുള്ള ഇന്ധന വിതരണം നിർത്തിവയ്പ്പിച്ച്, ആയത് പരിഹരിച്ച് വീണ്ടും പരിശോധിച്ച ശേഷമാണ് ഉപയോഗിക്കാൻ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ